

TUESDAY 05/08/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS  Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 05/08/2025

1. സംസ്ഥാനത്ത് 2000 കർഷക ചന്തകൾ ആരംഭിക്കുമെന്ന് സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് അറിയിച്ചു. മലയാളികളുടെ ദേശീയ ഉത്സവമായ ഓണത്തിന്റെ ഭാഗമായി, സംസ്ഥാനത്ത് 2000 കർഷക ചന്തകൾ 2025 സെപ്റ്റംബർ 1 മുതൽ 4 വരെയുള്ള നാല് ദിവസങ്ങളിലായി കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കും. കഴിഞ്ഞ വർഷം 1956 കർഷകചന്തകൾ വിജയകരമായി നടപ്പിലാക്കിയിരുന്നു. ഈ അനുഭവവുമായാണ് ഇക്കൊല്ലം കൂടുതൽ ശക്തമായ ആസൂത്രണത്തോടെ കർഷക ചന്തകൾ സംഘടിപ്പിക്കുന്നത്. കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, VFPCK എന്നിവയുടെ ഏകോപനത്തോടെയാണ് ഈ ചന്തകൾ ആസൂത്രണം ചെയ്തിരിക്കുന്നത്. കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കിയും പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുകയുമാണ് കർഷകച്ചന്തകൾ സംഘടിപ്പിക്കുന്നതിലൂടെ കൃഷി വകുപ്പും സർക്കാരും ലക്ഷ്യമിടുന്നത്. കർഷകരിൽ നിന്ന് 10% അധിക വില നൽകി പച്ചക്കറികൾ സംഭരിക്കുകയും പൊതുവിപണി വിലയേക്കാൾ 30% കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യും.

2. പി.എം. കിസാൻ സമ്മാൻ നിധി പദ്ധതിയുടെ 20-ാം ഗഡു വിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രസാദ് ഓൺലൈൻ ആയി നിർവഹിച്ചു. കർഷകർക്ക് ആശ്വാസമേകുന്ന ഏത് പദ്ധതിയും നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് പറഞ്ഞു. പ്രതിവർഷം 6000 രൂപ 3 തുല്യ ഗഡുക്കളായി അർഹരായ കർഷകരുടെ അക്കൗണ്ടിലേക്ക് എത്തിക്കുന്ന പി.എം. കിസാൻ സമ്മാൻ നിധി പദ്ധതി 2018 ലാണ് ആരംഭിച്ചത്. സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച പരിപാടിയുടെ ഉദ്ഘാടനം വെള്ളനാട് മിത്രാനികേതൻ കൃഷി വിജ്ഞാൻ കേന്ദ്രത്തിൽ ഓൺലൈനായി നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

3. കർഷകശ്രീയും വെള്ളനാട് മിത്രനികേതനും ചേർന്ന് ഓഗസ്റ്റ് 17 (ചിങ്ങം 1) കർഷക ദിനത്തിൽ ശിൽപശാല സംഘടിപ്പിക്കുന്നു. പോഷകസമ്പന്നവും മൂല്യവർധിതവുമായ ഭക്ഷണങ്ങൾ തയാറാക്കുന്ന സാങ്കേതിക രീതികൾ പ്രായോഗികമായി പകർന്നു നൽകാനാണ് ശിൽപ ശാല സംഘടിപ്പിച്ചിരിക്കുന്നത്. മേഖലയിലെ വിദഗ്ധർ ശിൽപശാല നയിക്കും. പോഷകാഹാരം, പോഷകസമ്പന്നമായ പൊതിച്ചോറ് തുടങ്ങിയവ തയ്യാറാക്കാനുള്ള രീതികളും ശില്പശാലയുടെ ഭാഗമാണ്. കൂടാതെ മില്ലറ്റ് പായസ മത്സരവും സംഘടിപ്പിക്കുന്നു. 17ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ മിത്രനികേതൻ – സിറ്റി സെൻ്ററർ, പടിഞ്ഞാറേകോട്ടയിൽ നടത്തുന്ന ശിൽപശാലയിൽ പങ്കെടുക്കാൻ 7012859558 അല്ലെങ്കിൽ 9446701529 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യുക. റജിസ്ട്രേഷൻ ഫീസ് 250 രൂപ.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുന്നവർക്ക് ഒരു വർഷത്തേക്കുള്ള കർഷകശ്രീ മാസികയും പ്രത്യേക സമ്മാനങ്ങളും സൗജന്യം.

4. കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കരയിലുള്ള ബയോടെക്നോളജിഡിപ്പാർട്മെന്റിൽ ടിഷ്യൂക്കൾച്ചർ റോബസ്റ്റ് വാഴതൈകൾ 20 രൂപ നിരക്കിലും (Rs. 20/-) നല്ലയിനം ടിഷ്യൂക്കൾച്ചർ ഇഞ്ചിതൈകൾ 5 രൂപ നിരക്കിലും (Rs. 5/-) വില്പനക്ക്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ **9048178101.**

5. വിഴിഞ്ഞം കൃഷി ഭവനിൽ ഗുണമേന്മയുള്ള ഗ്രാഫ്റ്റ് കശുമാവിൻ തൈകൾ വിതരണത്തിനായി എത്തി. മിനിമം 10 സെന്റ് ഭൂമി ഉള്ളവർ കരം അടച്ച രസീത്, റേഷൻ കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്സ്ബുക്ക് എന്നിവയുടെ പകർപ്പുകളുമായി ഈ മാസം 8ന് (8/08/2025) വൈകിട്ട് 5 മണിക്ക് മുൻപ് എത്തണമെന്ന കൃഷി ഓഫീസർ അറിയിച്ചു.

## പരിശീലന പരിപാടി

1. സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫർ (CAITT) വെള്ളായണി കാർഷിക കോളേജിൽ വെച്ച് **"ഫലവർഗ്ഗ വിളകളിലെ കായിക പ്രവർദ്ധനം"** (ബഡിങ്, ലയെറിങ്, ഗ്രാഫ്റ്റിംഗ്) എന്ന വിഷയത്തിൽ ഇന്ന് (05/08/2025), ഏകദിന പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8891540778.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ക്ഷീരവികസന വകുപ്പിൻറെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ആഗസ്റ്റ് 11 മുതൽ 16 വരെയുള്ള 5 ദിവസങ്ങളിലായി "ശാസ്ത്രീയ പശു പരിപാലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ള ക്ഷീരകർഷകർ ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ടോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരമോ, അതാത് ബ്ലോക്ക് ക്ഷീരവികസന ഓഫീസർമാർ മുഖാന്തിരമോ രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 08.08.2025-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി 8089391209, 0476-2698550 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ പരിശീലനത്തിനെത്തുമ്പോൾ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

3. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ വച്ച് ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ആഗസ്റ്റ് 12, 13** തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ ഫോൺ

നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുകയോ ചെയ്യുക.

4. റബ്ബർബോർഡ് റബ്ബർ ഉത്പന്ന നിർമാണത്തിൽ മൂന്നു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ ആഗസ്റ്റ് 06-ന് കോഴ്സ് ആരംഭിക്കും. റബ്ബറുത്പന്നനിർമാണത്തിലുള്ള സർട്ടിഫിക്കറ്റ് കോഴ്സിൽ ഡിപ്ലോമ/ബിരുദധാരികൾ, എഞ്ചിനീയർമാർ, ഗവേഷകർ, വിദ്യാർത്ഥികൾ, റബ്ബർവ്യവസായമേഖലയിൽ സാങ്കേതികരംഗത്ത് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം പങ്കെടുക്കാം. ഈ കോഴ്സിലൂടെ റബ്ബർ സംസ്കരണം, ഉത്പന്നനിർമാണം, ഗുണമേന്മാ നിയന്ത്രണം തുടങ്ങി റബ്ബർമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രാവീണ്യം നേടാം. സംരംഭകത്വത്തിലും സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അറിവുനേടുന്നതിനും അവസരമുണ്ടായിരിക്കും. അക്കാദമിക/വ്യവസായിക മേഖലകളിൽ പുതിയ അവസരങ്ങൾ തേടുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും കോഴ്സ് സഹായകമാകും. കോഴ്സിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 04812353127 എന്ന നമ്പറിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പറിലോ വേണം ബന്ധപ്പെടാൻ. ഇ മെയിൽ: training@rubberboard.org.in

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കാർഷിക നിർദേശം**

1. തെങ്ങ് –കൂമ്പ ചീയൽ

തുടർച്ചയായ മഴ മൂലം, തെങ്ങിൽ കുമ്പ്ചിയൽ രോഗം വരാൻ സാധ്യതയുണ്ട് . തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നു പായ്ക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കുമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധിവരെ നിയന്ത്രിക്കാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം